## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.554 05.06.2018-ൽ മറുപടിയ്ക്ക്

## ജി.എസ്.ടി.യും മറ്റ് നികുതി കുടിശ്ശികകളും

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നിലവിൽ വന്നതുമൂലം വാറ്റ് നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ ഇത് മൂലം സംസ്ഥാനത്തിന് ഏകദേശം എത്ര രൂപ നഷ്ടമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (എ) | ജി.എസ്.ടി. നിയമം നടപ്പിൽ വന്നുവെങ്കിലും അതിന് മുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നിയമ പ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് തടസ്സമില്ല. |
| (ബി) | ജി.എസ്.ടി.യിലേയ്ക്കുള്ള പരിവർത്തനകാലത്തെ, മറ്റ് നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ജി.എസ്.ടി. നിയമത്തിൽ നിലവിലുണ്ടോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണ് നികുതി കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകാത്തതെന്ന് വ്യക്തമാക്കുമോ ; | (ബി) | ജി.എസ്.ടി. നിയമത്തിൽ വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമായ വ്യവസ്ഥകൾ ഒന്നും ഇല്ല. വാറ്റ് നിയമം അനുശാസിക്കുന്ന കാലയളവിനുള്ളിൽ തന്നെ ആവശ്യമായ ഫയലുകളിൽ നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിനും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | ജി.എസ്.ടി. നിയമം നടപ്പാക്കിയതിലെ അപാകത കാരണം അർഹമായ നികുതി വരുമാനം സംസ്ഥാനത്തിന് നഷ്ടമായതായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ? | (സി) | ജി.എസ്.ടി. കോമ്പൻസേഷൻ ആക്റ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം നഷ്ടപരിഹാരം നൽകുന്നതിനാൽ ജി.എസ്.ടി. വരുമാനത്തിൽ 2015-16 അടിസ്ഥാന വർഷമായി എടുത്ത് 14% വളർച്ച ഉറപ്പ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ